# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2158 07.03.2017-ൽ മറുപടിക്ക്

**കുട്ടനാട്ടിലെ ആരോഗ്യ പ്രശ്നങ്ങൾ പഠിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കുട്ടനാട്ടിൽ ക്യാൻസർ ഉൾപ്പെടെ രോഗങ്ങൾ പടർന്നു പിടിക്കുന്നത് സംബന്ധിച്ച് വിദഗ്ദ്ധ പഠനം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; | (എ) & (ബി) | പ്രമേഹം, രക്താതി സമ്മർദ്ദം, ഹൃദ് രോഗം, കാൻസർ, പക്ഷാഘാതം തുടങ്ങിയ ജീവിത ശൈലീ രോഗ ബോധവത്ക്കരണത്തിനായി വിവിധ പദ്ധതികളാണ് ആരോഗ്യവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, എക്സിബിഷനുകൾ, സ്കൂൾ തല പ്രവർത്തനങ്ങൾ, മത്സരങ്ങൾ തുടങ്ങി നിരവധി ബോധവത്ക്കരണ പരിപാടികൾ ആരോഗ്യ വകുപ്പിലൂടെ നടപ്പിലാക്കി വരുന്നു. ഭക്ഷണം, വ്യായാമം, ലഹരി എന്നീ വിഷയങ്ങൾ പ്രതിപാദിച്ചുകൊണ്ട് പ്രമുഖ ചലച്ചിത്ര താരങ്ങളെ ഉൾപ്പെടുത്തി ഹ്രസ്വ ചിത്രങ്ങൾ നിർമ്മിക്കുകയും സ്കൂൾ കുട്ടികൾക്കും, പൊതുജനങ്ങൾക്കും പ്രദർശിപ്പിക്കാവുന്ന രീതിയിൽ വിതരണം ചെയ്യാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ഈ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനും ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കാൻസർ രോഗത്തെ സംബന്ധിച്ച് ആർ.സി.സി പഠനം നടത്തിയിട്ടില്ലായെങ്കിലും വിവിധതരം കാൻസറുകളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും നല്ലതായ ജീവിതശൈലി അവലംബിക്കുന്നതിനുള്ള ബോധവത്ക്കരണവും ആർ.സി.സിയുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുൻകൈ എടുത്ത് നടത്തി വരുന്നു. ഇതുകൂടാതെ നമ്മുടെ നാട്ടിൽ കൂടുതലായി കണ്ടുവരുന്ന വദനാർബുദം, സ്തനാർബുദം, ഗർഭാശയഗള കാൻസർ മുതലായവ നേരത്തെ കണ്ടു പിടിക്കുന്നതിനുള്ള ക്യാമ്പുകളും പരിശീലന പദ്ധതികളും ആർ.സി.സി നടത്തി വരുന്നു. ആർ.സി.സിയുടെ ഉപകേന്ദ്രങ്ങളായ എറണാകുളം ജില്ലയിലെ കലൂരും, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി നൽകി വരുന്നു. ആർ.സി.സി മുൻകൈയെടുത്ത് ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് കാൻസർ രോഗനിർണ്ണയ പരിശീലനം സംയോജിതമായി നൽകി വരുന്നു. ഇവ കൂടാതെ വിവിധ സംഘടനകളുമായി ചേർന്ന് മുൻകൂർ കാൻസർ രോഗ നിർണ്ണയ ക്യാമ്പുകളും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. കാൻസർ ബോധവത്ക്കരണത്തിന് നേതൃപാടവമുള്ള സാമൂഹ്യ-ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകി അവരുടെ സേവനങ്ങളിലൂ |
| (ബി) | ആരോഗ്യ ബോധവത്ക്കരണത്തിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | കാൻസർ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതിൽ സ്കൂൾ തലത്തിൽ പുകയിലയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, ഉൾനാടൻ ഗ്രാമങ്ങളിലും കടലോര പ്രദേശങ്ങളിലും നടത്തുന്ന പരിപാടികൾ എന്നിവയും ഉൾപ്പെടും.<br><br>സ്തനാർബുദ ബോധവത്ക്കരണ മാസമായ ഒക്ടോബർ മാസത്തിൽ പരമാവധി ബോധവത്ക്കരണ ക്ലാസ്സുകളും പരിശീലന പദ്ധതികളും ആർ.സി.സി സംഘടിപ്പിക്കാറുണ്ട്. കാൻസർ ബാധിച്ച രോഗികളെ ചികിത്സിക്കുന്നതിനായി അതിനൂതനമായ ചികിത്സാ സംവിധാനങ്ങളും ആർ.സി.സിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കാൻസർ ഗവേഷണത്തിനും, നമ്മുടെ നാടിന് യോജിച്ചതായ കാൻസർ നിയന്ത്രണപദ്ധതികൾ തയ്യാറാക്കുന്നതിനും ആർ.സി.സി മുൻഗണന നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**